മംഗളം

28 June 2019



● എറണാകുളം കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സി.എം.എഫ്.ആർ.ഐയിൽ സംഘടിപ്പിച്ച കരിങ്കോഴി (കടക്നാഥ്) വിപണനമേളയിൽ നിന്ന്. നാടൻ തലശേരി, ആർ.ഐ.ആർ. കോഴികൾ എന്നിവയും വിപണനമേളയിലൂടെ വിറ്റഴിച്ചു - മംഗളം

# കരിങ്കോഴി വിപണനമേള

**കൊച്ചി:** സുരക്ഷിത മുട്ട, ഇറച്ചി ഉൽപാദനം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കരിങ്കോഴിയും വിവിധതരം നാടൻ കോഴിയിനങ്ങളും പരിചയപ്പെടുത്തുന്നതിന് എറണാകുളം കൃഷ് വിജ്ഞാനകേന്ദ്രം 27ന് സി.എം.എഫ്.ആർ.ഐയിൽ വിപണന മേള സംഘടിപ്പിച്ചു. വീട്ടുവളപ്പിൽ വളർത്താവുന്ന കരിങ്കോഴി, നാടൻ തലശേരി, ആർ.ഐ.ആർ കോഴികുഞ്ഞുങ്ങളാണ് മേളയിലുള്ളത്. ഒരു ദിവസം പ്രായമായ കരിങ്കോഴികുഞ്ഞുങ്ങളെയും തലശേരി, ആർ.ഐ.ആർ കുഞ്ഞുങ്ങളെയും ആവശ്യമായ വാക്സിനേഷനുകൾ നൽകിയാണ് വിതരണത്തിനെത്തിച്ചത്. കരിങ്കോഴി വർഷത്തിൽ 70 മുതൽ 90 വരെ മുട്ടകൾ ഉൽപാദിപ്പിക്കും.

പ്രായപൂർത്തിയായ പൂവന് ഒന്നരമുതൽ രണ്ടുകിലോവരെ തൂക്കമുണ്ടാകും. പിടക്കോഴിയാണെങ്കിൽ ഒന്നുമുതൽ ഒന്നരകിലോ വരെ ശരീരഭാരം ലഭിക്കും. ആറുമാസമാകുമ്പോൾ മുട്ടയിട്ടു തുടങ്ങും. അടയിരിക്കുന്ന നാടൻ കോഴിയിനമാണ് തലശേരി കോഴികൾ. ആർ.ഐ.ആർ(റ ഹോഡ്സ് ഐലൻഡ് റെഡ്) കോഴികളെ മുട്ടയ്ക്കും മാംസത്തിനും ഉപയോഗിക്കാം. വർഷത്തിൽ 200 മുതൽ 250 വരെ മുട്ടകൾ ഉൽപാദിപ്പിക്കും.

രണ്ടുമാസംപ്രായമായ മൂന്ന് പിടയും രണ്ടു പൂവനും അടങ്ങിയ ഒരു യൂണിറ്റ് കരിങ്കോഴി കുഞ്ഞുങ്ങൾ 1325 രൂപയും, ഒരു യൂണിറ്റ് നാടൻ തലശേരി കോഴികുഞ്ഞുങ്ങൾ 1075 രൂപയും, ആർ.ഐ.ആർ കോഴികുഞ്ഞുങ്ങളുടെ ഒരു യൂണിറ്റിന് 900 രൂപയുമാണ് വില.

കരിങ്കോഴി വാങ്ങാൻ നിരവധി പേരാണ് എത്തിയത്. എന്നാൽ പലർക്കും കിട്ടാതെ നിരാശയാണ് മടങ്ങിയത്.